**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

പട്ടികജാതിക്കാർക്ക് എംപ്ലോയ്ബലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

4216 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് എംപ്ലോയ്ബലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി വഴി നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രോഗ്രാമിന്റെ നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ
ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി</u>

4217 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംസംഗ്രാന്റ്, പോക്കറ്റ്മണി, മെസ്ഫീസ് തുടങ്ങിയ വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നു മുതൽക്കാണ് കൊടുത്തു തുടങ്ങിയതെന്നും തുടക്കത്തിൽ നൽകിയ തുക എത്രയാണെന്നും തുടർന്ന് ഇതേവരെ പലഘട്ടങ്ങളിലായി വർദ്ധിപ്പിച്ച തുക എത്രയാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വർദ്ധിപ്പിച്ച ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇപ്പോൾ നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ അപര്യാപ്തമായതിനാൽ അവ വർദ്ധിപ്പിച്ചു നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എത്രയാണെന്ന് പരിശോധിച്ച് അതിനെക്കാൾ ഉയർന്ന നിരക്കിൽ ആനുകൂല്യങ്ങൾ നൽകാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ ആനുകൂല്യ വിതരണത്തിന് 'ഇ-ഗ്രാന്റ്' സംവിധാനം</u>

4218 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ്, ഹോസ്റ്റൽ ഫീസ് മുതലായ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 'ഇ-ഗ്രാന്റ്' സംവിധാനം നിലവിൽ വന്നതിന് ശേഷം ആനുകൂല്യങ്ങൾ ലഭിയ്ക്കുന്നതിൽ കാലതാമസം വരുന്നുവെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) 2013-14 അദ്ധ്യയന വർഷത്തെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ ബാക്കിയുണ്ടോയെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടിയ വിദ്യാർത്ഥികൾ</u>

4219 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയെഴുതി ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടി പഠനം നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര കുട്ടികൾ സിവിൽ സർവ്വീസ് പരീക്ഷയിൽ യോഗ്യതനേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>8-ാം തരത്തിലെ എസ്.സി. കുട്ടികൾക്ക് വിതരണം ചെയ്യുന്ന സൈക്കിളുകൾ</u>

4220 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 8-ാം തരത്തിലെ എസ്.സി. കുട്ടികൾക്ക് വിതരണം ചെയ്യുന്ന സൈക്കിളുകൾക്ക് ഗുണ നിലവാരം കുറവാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏത് ഏജൻസി വഴിയാണ് സൈക്കിൾ വിതരണം നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വിതരണം ചെയ്യുന്ന ഓരോ സൈക്കിളിനും എത്ര രൂപ വീതമാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളുടെ ശോച്യാവസ്ഥ</u>

4221 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളുടെ ശോച്യാവസ്ഥയെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൃത്തിഹീനവും അനാരോഗ്യപരവുമായ സാഹചര്യങ്ങളിലാണ് ഈ ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുവെന്നത് അറിയുമോ;

(സി) ഇപ്രകാരം ഹോസ്റ്റലുകൾ നടത്തുവാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ;

(ഡി) പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാനും ശുചിയായി സൂക്ഷിക്കുവാനും ആവശ്യമായ തുക വർഷംതോറും അനുവദിക്കാത്തതുകൊണ്ടാണോ അതോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കാര്യക്ഷമത ഇല്ലായ്മകാരണത്താൽ അനുവദിച്ച തുക ചെലവഴിക്കാത്തതുകൊണ്ടാണോ ഈ സ്ഥിതിയുണ്ടാകുന്നതെന്ന് പറയാമോ;

(ഇ) ഇക്കാര്യം ഗൗരവമായി പരിഗണിച്ച്, പരിഹരിക്കുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ പോസ്റ്റ് മെട്രിക്, പ്രീമെട്രിക് ഹോസ്റ്റലുകൾ</u>

4222 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോസ്റ്റ്മെട്രിക് പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകളിൽ എത്ര വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിന് സൗകര്യമുണ്ടെന്ന് വിശദമാക്കുമോ;

(സി) എല്ലാ പ്രീമെട്രിക് - പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കും താമസസൗകര്യമൊരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>ഹോസ്റ്റൽ കെട്ടിടങ്ങളുടെ ശോച്യാവസ്ഥ</u>

4223 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടകജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റൽ കെട്ടിടങ്ങൾ, ടോയിലറ്റുകൾ, ഭക്ഷണശാലകൾ എന്നിവ സാംക്രമിക രോഗങ്ങൾ പകരും വിധം ശോചനീയമായ അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഹോസ്റ്റലുകൾ യഥാസമയം പുന:രുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വകുപ്പിന് കീഴിലുള്ള ഐ. ടി.സി കൾ</u>

4224 ശ്രീ. ചിററയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ. ടി.സി കളിൽ വിവിധ കാററഗറികളിലുള്ള തസ്തികകളുടെ എണ്ണം ഇനം തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ ശമ്പള സ്കെയിൽ തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(സി) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിററ്യൂട്ടിലെ സമാന തസ്തികകളിലുള്ള ജീവനക്കാരുടെ ശമ്പള സ്കെയിലുമായി താരതമ്യം ചെയ്യുമ്പോൾ പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള ജീവനക്കാരുടെ ശമ്പളസ്കെയിൽ താഴ്ന്നതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത അപാകത ഒഴിവാക്കുന്നതിന് മതിയായ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വകുപ്പിന്റെ കീഴിൽ മോഡൽ റസിഡൻഷ്യൽ ഐ. ടി.സി</u>

4225 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 44 ഐ. ടി.സി കളിൽ എത്രയെണ്ണം മോഡൽ റസിഡൻഷ്യൽ ഐ. ടി.സി കളാക്കാൻ തീരുമാനിച്ചിട്ടുണ്ട്; എങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമൊ;

(ബി) ഇതിനായി എവിടെയെല്ലാം പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചുവെന്നും ഏതു വർഷത്തിൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയെന്നും അതിനോരോന്നിനും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഇതിൽ ഏതെല്ലാം സ്ഥലങ്ങളിൽ മോഡൽ റസിഡൻഷ്യൽ ഐ. ടി. സികൾ പ്രവർത്തനം ആരംഭിച്ചു; ആരംഭിച്ചിട്ടില്ലായെങ്കിൽ, അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) മോഡൽ റസിഡൻഷ്യൽ ഐ. ടി.സിയ്ക്കുവേണ്ടി നിർമ്മിച്ച കെട്ടിടം മറ്റേതെങ്കിലും സ്ഥാപനങ്ങൾ നടത്താൻ കൈമാറിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം ഏതു സ്ഥാപനം നടത്താൻ ഏതു ഏജൻസിയ്ക്കാണ് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ: ഇത് എന്നാണ് കൈമാറി ഉത്തരവായതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

പട്ടികജാതി വകുപ്പിന്റെ കീഴിൽ മോഡൽ ഐ.റ്റി. സികൾ

4226 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള എത്ര ഐ.റ്റി. സികളെ മോഡൽ ഐ.റ്റി. സികളായി പ്രഖ്യാപിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ഐ.റ്റി. സികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചതുൾപ്പെടെയുള്ള ഏതെല്ലാം സ്ഥലങ്ങളിൽ മോഡൽ ഐ.റ്റി. സി.കൾ ആരംഭിച്ചു;

(ഡി) മോഡൽ ഐ. റ്റി. സികൾക്കായി നിർമ്മിച്ച കെട്ടിടവും ആയത് സ്ഥിതിചെയ്തിരുന്ന സ്ഥലവും മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കായി മറ്റ് വകുപ്പുകൾക്ക്/ഏജൻസികൾക്ക് കൈമാറിയിട്ടുണ്ടെങ്കിൽ ആയവയുടെ വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പട്ടിക ജാതി വികസന വകുപ്പിന്റെ
ഐ. ടി. ഐ. കളിലെ സ്ഥാപനമേധാവികൾ</u>

4227 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടിക ജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ. ടി. ഐ. കളിലെ ,സ്ഥാപനമേധാവികളുടെ പേര് 'പ്രിൻസിപ്പാൾ' എന്നാക്കി മാറ്റുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇതിനായി നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതിക്കാരുടെ സഹകരണ ബാങ്കുകളിലെ വായ്പകൾ എഴുതി തള്ളുന്നതിന് നടപടി</u>

4228 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത പട്ടികജാതി വിഭാഗക്കാരുടെ ഏത് വർഷം വരെയുള്ള വായ്പകളാണ് എഴുതി തള്ളുവാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ആനുകൂല്യത്തിന് അർഹതയുള്ള ആളുകൾ യഥാസമയം ജാതി-വരുമാന സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയില്ല എന്ന കാരണം കാണിച്ച് ഇവരെ ഈ പദ്ധതിയിൽ നിന്നും പല ബാങ്കുകളും ഒഴിവാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവരെക്കൂടെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

പട്ടികജാതിക്കാരുടെ ബാങ്ക് വായ്പകൾ
എഴുതിതള്ളുന്നതിന് നടപടി

4229 ശ്രീ. വി. എസ്. സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കരുടെ പേരിൽ അഞ്ചുലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ളത് എഴുതിതള്ളുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിരവധി പട്ടികജാതിക്കാർ ബാങ്ക് വായ്പ തിരിച്ചടക്കാനാകാത്തതിന്റെ പേരിൽ കുടിയിറക്കു ഭീഷണിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനായി പ്രത്യേക കടാശ്വാസ കമ്മീഷനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകുന്നതിന് പദ്ധതി</u>

4230 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ജില്ലതിരിച്ചുള്ള വിവരങ്ങൾ നൽകുമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും ഭൂമിയും വീടും നൽകുന്നതിന് എന്തു പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

ഭൂമി ലഭിച്ചിട്ടില്ലാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി ലഭ്യമാക്കുന്നതിന് നടപടികൾ

4231 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഭൂമി ലഭിച്ചിട്ടില്ലാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; എത്ര പേർക്ക് ഭൂമി നൽകിയെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

പട്ടിക ജാതി വകുപ്പിന്റെ അധീനതയിലുളള ഭൂമി കൈമാറിയ നടപടി

4232 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പ് വിവിധ ആവശ്യങ്ങൾക്കായി വാങ്ങിയിട്ടുളള സ്ഥലങ്ങൾ കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കിടയിൽ മറ്റ് വകുപ്പുകൾക്ക്/ഏജൻസികൾക്ക് കൈമാറിയിട്ടുണ്ടോ;

(ബി) പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി വിനിയോഗിക്കാൻ നീക്കി വെച്ച തുക ഉപയോഗിച്ച് വാങ്ങിയ സ്ഥലങ്ങളും കെട്ടിടങ്ങളും ക്രമവിരുദ്ധമായി കൈമാറിയിട്ടുണ്ടെങ്കിൽ അത്തരം നടപടികൾ റദ്ദ് ചെയ്ത് ഉത്തരവ് ഇറക്കുമോ?

# കേരള നിയമസഭ
# 25.06.2014–ലെ മറുപടിക്ക്

ഉദ്യോഗസ്ഥയ്ക്കെതിരെയുള്ള പരാതിയിൽ സ്വീകരിച്ച നടപടി

4233 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1996–ലെ കേരള പട്ടികജാതി പട്ടിക വർഗ്ഗ സമുദായ സാക്ഷ്യ പത്രങ്ങൾ നൽകൽ ക്രമീകരണ നിയമം അനുസരിച്ച് രൂപീകൃതമായ സ്ക്രൂട്ടിനി കമ്മിറ്റിയുടെ അദ്ധ്യക്ഷ സുമന.എൻ മേനോനെതിരെ ജാതി സംബനധമായ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൻ മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) സമുദായ സാക്ഷ്യ പത്രങ്ങൾ സംബന്ധിച്ചുളള പരാതികൾക്ക് അന്തിമമായി തീർപ്പുകൽപ്പിക്കുന്ന സംസ്ഥാനത്തെ സമിതിയുടെ അദ്ധ്യക്ഷയായ സുമന എൻ. മേനോനെതിരെ പരാതി ഉണ്ടെങ്കിൽ അവരെ തൽസ്ഥാനത്തുനിന്നും മാറ്റി നിർത്തിക്കൊണ്ട് അന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>അതിക്രമങ്ങൾക്കിരയായ പട്ടികജാതിക്കാർക്ക് ആനുകൂല്യങ്ങൾ</u>

4234 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതിക്കാർക്കെതിരെ നടന്നിട്ടുള്ള അതിക്രമങ്ങൾക്കെതിരെ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമപ്രകാരം എത്ര കേസ്സെടുത്തിട്ടുണ്ടെന്നും അതിക്രമത്തിനിരയായവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ബലാത്സംഗ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

ജാതി സംബന്ധിച്ച് നരവംശ ശാസ്ത്ര സംബന്ധമായ അന്വേഷണത്തിന് ഉത്തരവ്

4235 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണനും മറ്റു 13 പേർക്കെതിരെയും ജാതി സംബന്ധിച്ച് നരവംശ ശാസ്ത്ര സംബന്ധമായ അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അന്വേഷണം സംബന്ധിച്ചുളള പുരോഗതി വിശദമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി പട്ടികവര്‍ഗ്ഗ വികസന കോര്‍പ്പറേഷന്റെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി</u>

4236 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി പട്ടികവര്‍ഗ്ഗ വികസന കോര്‍പ്പറേഷന്റെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) കോര്‍പ്പറേഷന്‍ നടപ്പിലാക്കുന്ന വിവിധ പദ്ധതികള്‍, അവയുടെ ഫലപ്രാപ്തി, ഉദ്ദേശ്യലക്ഷ്യങ്ങളുടെ പൂര്‍ത്തീകരണം എന്നിവയെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കില്‍ ഇത് സംബന്ധിച്ച് പഠനം നടത്തി ഭാവിപരിപാടികള്‍ ആവിഷ്ക്കരിക്കുന്നതിന് നിര്‍ദ്ദേശം നല്‍കുമോ ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

പട്ടികജാതി വികസനത്തിനായി പദ്ധതികൾ

4237 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഗവർണറുടെ 2014-ലെ നയപ്രഖ്യാപന പ്രകാരം പട്ടിക ജാതി വികസനത്തിനായി പ്രഖ്യാപിച്ച പദ്ധതികളുടെ പ്രവർത്തന പുരോഗതി വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

പട്ടികജാതി വികസന വകുപ്പ്
ഗ്രാമവികസന വകുപ്പുവഴി നടപ്പിലാക്കുന്ന പദ്ധതികൾ

4238 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം;

(ബി) 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപയാണ് ഗ്രാമവികസന വകുപ്പിന് കൈമാറിയിട്ടുള്ളത്; ഇതിൽ എത്ര രൂപാ ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വാങ്ങുന്നതിന് മാർഗ്ഗരേഖ</u>

4239 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വാങ്ങുന്നതിന് സർക്കാർ അനുവദിക്കുന്ന ഫണ്ട് എത്രയാണെന്നും, ഇത്തരത്തിൽ അനുവദിക്കുന്ന ഫണ്ട് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) സ്ഥലം വാങ്ങുന്നതിന് ഇടനിലക്കാരായി വകുപ്പിലെ ഉദ്യോഗസ്ഥർ ഇടപെടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്ഥലം വാങ്ങുന്നത് സംബന്ധിച്ച എന്തെങ്കിലും മാർഗ്ഗരേഖ ഇറക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>പാലക്കാട് മെഡിക്കൽ കോളേജിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം</u>

4240 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട്ടെ നിർദ്ദിഷ്ട മെഡിക്കൽ കോളേജിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏത് വർഷം മുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്;

(ബി) കോളേജ് മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളെ പോലെ നൂറ് ശതമാനവും സർക്കാർ നിയന്ത്രിതമാണോ; അല്ലെങ്കിൽ കോളേജിന്റെ മാനേജ്മെന്റ് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കോളേജിന്റെ ഭരണ നിയന്ത്രണത്തിന് സഹകരണ നിയമപ്രകാരമോ, ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരമോ സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ബൈലയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) മെഡിക്കൽ കോളേജിനുള്ള പശ്ചാത്തല സൗകര്യങ്ങൾ എപ്രകാരമാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; എവിടെയാണ് കോളേജ് നിർമ്മിക്കുന്നത്; ഭൂമി ലഭ്യമായിട്ടുണ്ടോ; ലഭ്യമായ സ്ഥലവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതിയിൽ കേസ്സ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഇ) ലഭ്യമായ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സർക്കാരിനാണോ, പട്ടികജാതി വകുപ്പിനാണോ, മറ്റ് ഏതെങ്കിലും ഏജൻസിക്കാണോ;

(എഫ്) കോളേജിന് ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപാ ഏതു ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>പാലക്കാട് മെഡിക്കൽ കോളേജിലെ നിയമനങ്ങൾ</u>

4241 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ആരംഭിക്കുന്ന മെഡിക്കൽ കോളേജിന് വേണ്ടി എത്ര തസ്തികകൾ ഇതിനകം സൃഷ്ടിച്ചിട്ടുണ്ട്; ഏതെല്ലാമാണ് തസ്തികകൾ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്; എപ്രകാരമുള്ള നിയമനമാണ് നടത്തിയത്; ഏതെല്ലാം തസ്തികകളിൽ സ്ഥിരനിയമനം നടത്തിയിട്ടുണ്ട്;

(സി) ഏതെല്ലാം തസ്തികകളിൽ താല്ക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്; താല്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമാണോ നടത്തിയത്; അല്ലെങ്കിൽ എപ്രകാരമുള്ള നിയമനമാണ് നടത്തിയത് ;

(ഡി) സൃഷ്ടിക്കപ്പെടാത്ത തസ്തികകളിൽ ഏതെങ്കിലും തരത്തിലുള്ള നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിയമനവിവരങ്ങൾ, തസ്തിക, വിദ്യാഭ്യാസ യോഗ്യത, ശമ്പള സ്കെയിൽ എന്നിവ തരം തിരിച്ചു വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത നിയമനങ്ങളുടെ മാനദണ്ഡങ്ങൾ എന്തായിരുന്നു; എപ്രകാരമാണ് നിയമനം നടത്തിയത് ; എത്ര പേർക്ക് നിയമനം നൽകി; പ്രസ്തുത നിയമനങ്ങളിൽ എത്ര എസ്.സി./എസ്.ടി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>തോട്ടപ്പള്ളി നാലുചിറ പട്ടികജാതി സ്വയംപര്യാപ്ത ഗ്രാമം</u>

4242 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ തോട്ടപ്പള്ളി നാലുചിറ പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ പുരോഗതി കൈവരിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏത് ഏജൻസിക്കാണ് പദ്ധതി നടത്തിപ്പിനുള്ള ചുമതല നൽകിയിട്ടുള്ളതെന്നും പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കാനാവശ്യമായ നിർദ്ദേശം നൽകുമോയെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

നെന്മാറ മണ്ഡലത്തിലെ സ്വയം പര്യാപ്തഗ്രാമം പദ്ധതിയുടെ പ്രവർത്തന പുരോഗതി

4243 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടികജാതി കോളനികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷം ഏറ്റെടുത്ത കോളനിയുടെ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം നൽകുമോ; എന്തെല്ലാം പ്രവർത്തനങ്ങളാണ് നിലവിൽ പൂർത്തീകരിച്ചതെന്നും, ഇനി എന്തൊക്കെ പ്രവർത്തനമാണ് നടത്താനുള്ളതെന്നും വിശദമാക്കുമോ;

(സി) ഈ വർഷം ഏറ്റെടുത്ത പട്ടികജാതി കോളനിയുടെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് എന്തെല്ലാം നടപടിക്രമങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>വടക്കോടിത്തറ എസ്.സി കോളനിയിൽ വികസന പദ്ധതി</u>

4244 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ വടക്കോടിത്തറ എസ്.സി കോളനിയിൽ നടപ്പാക്കുന്ന വികസന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വികസന പ്രവൃത്തികളാണ് ഈ കോളനിയിൽ നടപ്പാക്കാൻ തീരുമാനിച്ചതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാകുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

കൊയിലാണ്ടി മണ്ഡലത്തിലെ പട്ടികജാതി ക്ഷേമത്തിനായി പദ്ധതികൾ

4245 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ പട്ടികജാതി സമൂഹത്തെ സംബന്ധിച്ചും എസ്.സി ഹാബിറ്റാറ്റുകളെ സംബന്ധിച്ചും സൂക്ഷ്മമായ പഠനം നത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര പട്ടികജാതി കോളനികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കൊയിലാണ്ടി മണ്ഡലത്തിലെ കോളനികൾ എത്രയെണ്ണമാണെന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ; ഓരോ കോളനിയിലും ഉള്ള എസ്. സി കുടുംബങ്ങൾ എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) പട്ടികജാതി ക്ഷേമത്തിനായി ആവിഷ്ക്കരിച്ച സ്വയം പര്യാപ്ത ഗ്രാമങ്ങൾ പ്രകാരം കൊയിലാണ്ടി മണ്ഡലത്തിലെ ഏതെല്ലാം കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(ഇ) ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ നടത്തിയ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകുമോ; പദ്ധതിയുടെ എത്ര ശതമാനം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ സർക്കാരിന്റെ ഭരണകാലയളവിൽ തന്നെ പദ്ധതി പൂർത്തിയാക്കുമോയെന്ന് വ്യക്തമാക്കാമോ;

(ജി) പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(എച്ച്) കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വിജ്ഞാൻവാടി പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

പട്ടികജാതി ക്ഷേമ വകുപ്പു മുഖേന വയനാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ

4246 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി ക്ഷേമ വകുപ്പു മുഖേന വയനാട് ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് നിയോജക മണ്ഡലം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ വയനാട് ജില്ലയിൽ നടപ്പാക്കിയ ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ പദ്ധതിയുടെയും നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

ഒ.ബി.സി വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

4247 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, റ്റി. എൻ. പ്രതാപൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒ.ബി.സി വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പ്രസ്തുത പദ്ധതി വഴി നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രോഗ്രാമിന്റെ നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>പിന്നോക്കവിഭാഗത്തിലെ നിയമബിരുദധാരികൾക്ക്</u>
<u>ധനസഹായം നൽകുന്നതിന് പദ്ധതി</u>

4248 ശ്രീ. വി. പി. സജീന്ദ്രൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്കവിഭാഗത്തിലെ നിയമബിരുദധാരികൾക്ക് ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതിവഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പിന്നോക്കവിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ മേഖലകളിലും മത്സരപരീക്ഷകളിലും പരിശീലനം</u>

T4249 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷകളിൽ പ്രാഗത്ഭ്യം നേടുന്നതിനും അതുവഴി കേന്ദ്ര - സംസ്ഥാന സർവ്വീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഉദ്യോഗാർത്ഥികൾക്ക് ആധുനിക സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനകം എത്ര മേഖലാ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചുവെന്നും അവിടെ നടത്തുന്ന മത്സര പരീക്ഷാ പരിശീലനങ്ങൾ ഏതൊക്കെയെന്നും ഓരോന്നിലും എത്ര കുട്ടികൾ വീതം പഠിക്കുന്നുണ്ട് എന്നും വെളിപ്പെടുത്താമോ;

(ഡി) കഴിഞ്ഞ ബഡ്ജറ്റിൽ നിന്നും ഈയിനത്തിൽ എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി ലഭ്യമാകുന്ന വായ്പകൾ</u>

4250 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി ലഭ്യമാകുന്ന വായ്പകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കോർപ്പറേഷൻ വഴി ലഭ്യമാകുന്ന പരമാവധി വായ്പ തുകയുടെയും, വായ്പ തിരിച്ചടവ് കാലാവധിയുടേയും വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ വഴി</u>
<u>തൊഴിലധിഷ്ഠിത പരിശീലന പരിപാടി</u>

4251 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ വഴി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പരിശീലകർക്ക് സ്റ്റൈപ്പന്റോ മറ്റ് ആനുകൂല്യങ്ങളോ നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പരിശീലകർക്ക് വകുപ്പ് നിശ്ചയിച്ചിട്ടുള്ള യോഗ്യതാമാനദണ്ഡം എന്തൊക്കെയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോര്‍പ്പറേഷനില്‍ ദിവസക്കൂലി, കരാര്‍ അടിസ്ഥാനത്തില്‍ നിയമനം ലഭിച്ചവര്‍</u>

4252 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോര്‍പ്പറേഷനില്‍ ദിവസക്കൂലി, കരാര്‍ അടിസ്ഥാനത്തില്‍ ജോലി ചെയ്തിരുന്ന എത്ര പേരെ പിരിച്ചുവിട്ടിട്ടുണ്ടെന്ന് വിശദാംശങ്ങള്‍ സഹിതം അറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും കേസ്സ് നിലനില്‍ക്കുന്നുണ്ടോ; വിശദാംശങ്ങള്‍ അറിയിക്കാമോ;

(സി) ഇത്തരത്തില്‍ പിരിച്ചുവിടാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഡി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം കെ. എസ്. ബി. സി. ഡി. സി. ഹെഡ്ഡ് ഓഫീസുകളിലും ജില്ലാ ഓഫീസുകളിലും ദിവസ കൂലി അടിസ്ഥാനത്തില്‍ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;

(ഇ) എങ്കില്‍ അവരുടെ പേരും, മേല്‍വിലാസവും തസ്തികയും ശമ്പളവും നിയമിച്ച തീയതിയും വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>പിന്നോക്ക വിഭാഗങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസ സംവരണം</u>

4253 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ പിന്നോക്ക വിഭാഗങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസ സംവരണത്തിന്റെ വിശദാംശങ്ങൾ നൽകുമോ; ഇതു സംബന്ധിച്ചുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സംവരണം പാലിക്കപ്പെടുന്നു എന്ന് പരിശോധിക്കുന്നുണ്ടോ; എങ്കിൽ ആരാണ് പരിശോധിക്കുന്നതെന്നും ഏതെങ്കിലും നിലയിലുള്ള ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് എന്നിവയുടെ വിതരണത്തിൽ കുടിശ്ശികയുണ്ടോയെന്ന് വ്യക്തമാക്കുമോ; എത്ര മാസത്തെ കുടിശ്ശികയാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പിന്നോക്കസമുദായ ക്ഷേമ വകുപ്പിന്റെ ഉന്നത തസ്തികകളിലേയ്ക്ക് റിക്രൂട്ട്മെന്റിനായി ട്രെയിനിംഗ് സ്ഥാപനങ്ങൾ</u>

4254 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായക്ഷേമ വകുപ്പിന്റെ കീഴിൽ ഉന്നത തസ്തികകളിലേയ്ക്ക് റിക്രൂട്ട്മെന്റിനായി ട്രെയിനിംഗ് സ്ഥാപനങ്ങൾ എവിടെയെല്ലാമാണ് ആരംഭിക്കുന്നതെന്നും അതിന്റെ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>മുവാരി-മുഖാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി</u>

4255 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുവാരി-മുഖാരി സമുദായത്തെ ഒ.ബി. സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ സമുദായത്തെ കേന്ദ്ര സർക്കാർ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേൽ സമുദായത്തെ സംസ്ഥാനത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താതിരിക്കാൻ കാരണങ്ങൾ ഉണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) ആയത് പരിഹരിച്ച് മേൽ സമുദായത്തെ സംസ്ഥാന ഒ. ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

വിനോദ സഞ്ചാര പ്രചാരണത്തിന് നടപടികൾ

4256 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, വി. ചെന്താമരാക്ഷൻ
,, പുരുഷൻ കടലുണ്ടി
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര പ്രചാരണത്തിനായി എന്തൊക്കെ കാര്യങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിനായി കഴിഞ്ഞ വർഷം എന്തൊക്കെ ചെയ്തെന്നും അതിനായി ചെലവഴിച്ച തുകയെത്രയെന്നും അറിയിക്കാമോ;

(സി) ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ കേരള ടൂറിസത്തിന്റെ പ്രചരണത്തിനായി ഊന്നൽ നൽകാതിരുന്നതെന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ഡി) പ്രൊഫഷണലായി ഡിസൈൻ ചെയ്ത വെബ്സൈറ്റും അതിൽ ഓരോ വിനോദസഞ്ചാര കേന്ദ്രത്തിന്റെ ആകർഷകതയും ലഭ്യമായ സൗകര്യങ്ങളും വീഡിയോ ഫോർമാറ്റിൽ നൽകാമോ; പ്രചാരണത്തിന്റെ ഭാഗമായി അനാവശ്യ ചെലവുകൾ ഉണ്ടാകുന്നത് തടയാമോ;

(ഇ) ഇപ്പോഴത്തെ ടൂറിസം മന്ത്രി സർക്കാർ ചെലവിൽ വിദേശ രാജ്യങ്ങളിൽ പോയി ഇതിനകം പങ്കെടുത്ത ടൂറിസം പരിപാടികൾ ഏതൊക്കെയായിരുന്നു; ഏതെല്ലാം രാജ്യങ്ങൾ സന്ദർശിക്കുകയുണ്ടായി?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>സുസ്ഥിര ടൂറിസം വികസനത്തിനായി നൂതന സംരംഭങ്ങൾ</u>

4257 ശ്രീ. സണ്ണി ജോസഫ്
,, പാലോട് രവി
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര ടൂറസം വികസനത്തിനായി നൂതന സംരംഭങ്ങൾ രൂപപ്പെടുത്താൻ ആഗോള നേതൃത്വം നൽകിയിതിന് കേരള ടൂറിസത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയതിനാണ് ഈ അംഗീകാരം ലഭിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) അംഗീകാരം ലഭിക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

വിനോദസഞ്ചാര മേഖലയുടെ വളർച്ചയ്ക്ക് നടപടികൾ

4258 ശ്രീ. സി.എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി.യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര മേഖലയുടെ വളർച്ചയ്ക്ക് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ സർക്കാർ ഗസ്റ്റ് ഹൗസുകളിൽ കുടുതൽ ബ്ലോക്കുകൾ നിർമ്മിച്ച് താമസ സൗകര്യമുൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ടൂറിസം വികസന പദ്ധതികൾ</u>

4259 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ടൂറിസം വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുളളത്;

(ബി) അത് സംബന്ധിച്ച വിശദാംശങ്ങളും അവയുടെ പ്രവർത്തന പുരോഗതിയും വിശദമാക്കാമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>ടൂറിസം വികസനത്തിന് കർമ്മപരിപാടികൾ</u>

4260 ശ്രീ. വി. ഡി. സതീശൻ
,, വി. റ്റി. ബൽറാം
,, ജോസഫ് വാഴക്കൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വ്യവസായത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമായി കെ. ടി. ഡി. സി. എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം നൂതന പരിശീലന പരിപാടികൾക്ക് തുടക്കമിട്ടിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ടൂറിസം വകുപ്പിന്റെ വെബ്സൈറ്റ്</u>

4261 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ വെബ്സൈറ്റിന് ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ദേശീയ അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കപ്പെട്ടത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ടൂറിസം മേഖലയിൽ ഇൻഫർമേഷൻ ടെക്നോളജി നൂതന രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തതെന്ന് വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് ഇതിന്റെ പ്രവർത്തനവുമായി സഹകരിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ</u>

4262 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ ടൂറിസം കേന്ദ്രങ്ങളിലും ഭക്ഷണശാലകൾ/ലഘുഭക്ഷണശാലകൾ സ്ഥാപിച്ച് മിതമായ നിരക്കിൽ ഭക്ഷണസാധനങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സഞ്ചാരികൾക്കായി വൃത്തിയുള്ളതും സൗകര്യപ്രദവുമായ ടോയ്‌ലറ്റുകൾ എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>അഡ്വഞ്ചര്‍ ടൂറിസം പരിശീലിപ്പിക്കുന്നതിനായി കേന്ദ്രങ്ങള്‍</u>

4263 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസ
ഞ്ചാരവും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴില്‍ അഡ്വഞ്ചര്‍ ടൂറിസം പരിശീലിപ്പിക്കുന്നതിനായി ഏതെങ്കിലും കേന്ദ്രങ്ങള്‍ പ്രവര്‍ത്തിക്കുന്നുണ്ടോ;

(ബി) അഡ്വഞ്ചര്‍ ടൂറിസവുമായി ബന്ധപ്പെട്ട് പരിശീലന കേന്ദ്രങ്ങള്‍ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ഏജ് ഹാൾട്ട് പദ്ധതി</u>

4264 ശ്രീ. കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ
,, റ്റി. എൻ. പ്രതാപൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസ ഞ്ചാരവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി ഏജ് ഹാൾട്ട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) വിദേശ ടൂറിസ്റ്റുകൾക്ക് ആയുർവേദ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ബാക്ക് വാട്ടർ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതി</u>

4265 ശ്രീ. സണ്ണി ജോസഫ്
,, ഹൈബി ഈഡൻ
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ ബാക്ക് വാട്ടർ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയുടെ കീഴിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) അനുയോജ്യമായ എല്ലാ സ്ഥലങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കിറ്റ്സിന്റെ കീഴിൽ സ്റ്റഡി സെന്ററുകൾ</u>

4266 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിറ്റ്സിന്റെ കീഴിൽ ഇപ്പോൾ എത്ര സ്റ്റഡി സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സെന്ററുകൾ നടത്തുന്ന കോഴ്സുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) കിറ്റ്സിന്റെ നിലവിലുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ? എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

'കിറ്റ്സിനെ മികവിന്റെ കേന്ദ്രമാക്കാൻ നടപടി'

4267 ശ്രീ. പി.സി. ജോർജ്
ഡോ.എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാരത്തിന്റെ നിലനില്പിന് ഗുണമേന്മയുള്ള മാനവ വിഭവശേഷി എത്രത്തോളം അത്യന്താപേക്ഷിതമാണ്; വിശദാംശങ്ങൾ നല്കാമോ;

(ബി) പ്രസ്തുത മേഖലയുടെ വികസനം ഉറപ്പുവരുത്തുന്നതിന് ടൂറിസം വകുപ്പിന്റെ സംഭാവനകൾ എന്തെല്ലാമാണ്; ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ ലക്ഷ്യം മുൻനിറുത്തി പ്രവർത്തിക്കുന്നത്; വ്യക്തമാക്കുമോ;

(സി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽസ് സ്റ്റഡീസിനെ മികവിന്റെ കേന്ദ്രമാക്കുന്നതിനും യു.എൻ.ഡബ്ല്യൂ.റ്റി.ഒ. പോലുള്ള അന്താരാഷ്ട്ര സംഘടനകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിന് സൗകര്യമൊരുക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ ഏഴ്</u>

4268 ശ്രീ. കെ. ശിവദാസൻ നായർ
,, പി.സി. വിഷ്ണുനാഥ്
,, വർക്കല കഹാർ
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ ഏഴിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആരെല്ലാമാണ് ഇതിന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കഴിഞ്ഞ ഫെസ്റ്റിവൽ സീസൺ കാലത്തേക്കാൾ ഇതിന്റെ നടത്തിപ്പിന് സാമ്പത്തിക ബാദ്ധ്യത എത്രമാത്രം കുറഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഫെസ്റ്റിവലിന്റെ അടുത്ത സീസണുകളുടെ നടത്തിപ്പിൽ സാമ്പത്തിക ബാദ്ധ്യത ഇല്ലാതാക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ജെ. എ. റ്റി.എ ഫെയറിൽ പങ്കെടുക്കുന്നതു കൊണ്ടുള്ള നേട്ടങ്ങൾ</u>

4269 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-ൽ ജപ്പാനിൽ നടത്തിയ ജപ്പാൻ അസോസിയേഷൻ ഓഫ് ട്രാവൽ ഏജന്റ്സ് ഫെയറിൽ കേരളത്തിൽ നിന്നും ആരൊക്കെയാണ് പങ്കെടുത്തത്;

(ബി) ഇതിനായി എത്ര രൂപ ചെലവഴിച്ചു;

(സി) പ്രസ്തുത ഫെയറിൽ പങ്കെടുക്കുന്നതുകൊണ്ടുള്ള നേട്ടം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

ഇക്കോടൂറിസം പ്രോത്സാഹിപ്പിക്കാൻ നടപടി

4270 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14 വർഷങ്ങളിൽ സംസ്ഥാനത്ത് ഇക്കോ ടൂറിസം പദ്ധതികൾക്കായി എന്തു തുക വീതം മാറ്റി വെച്ചിരുന്നു വെന്നും ആയതിൽ എത്ര രൂപ ചിലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ ഇക്കോ ടൂറിസം പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ വന്ന ശേഷം ഓരോ വർഷവും ഇക്കോടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വന്ന വിദേശ ടൂറിസ്റ്റുകളുടെയും ആഭ്യന്തര ടൂറിസ്റ്റുകളുടെയും എണ്ണം എത്ര വീതമാണെന്നും ഇതുവഴി ഓരോ വർഷവും സംസ്ഥാന ഖജനാവിന് ലഭിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ഡി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ തൃക്കടീരി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന അനങ്ങൻ മല ഇക്കോടൂറിസം പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നും ഇതുവരെ എത്ര തുക ചിലവഴിച്ചുവെന്നും വ്യക്തമാക്കുമോ; ഇനി എന്തുതുക ചെലവഴിച്ചാൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) അനങ്ങൻ മല ഇക്കോടൂറിസം പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് വകുപ്പ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

ദ് സ്പൈസ് റൂട്ട് ഹെറിറ്റേജ് പ്രോജക്ട്

4271 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ദ് സ്പൈസ് റൂട്ട് ഹെറിറ്റേജ് പ്രോജക്ട് ആവിഷ്ക്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രോജക്ട് സംബന്ധിച്ച് സർക്കാരിന്റെ മുൻപാകെയുള്ള പഠനറിപ്പോർട്ടുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) 'സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്' ഈ മേഖലയിൽ നടത്തിയ പഠനങ്ങളും നിരീക്ഷണങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സംരംഭവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ഈ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നതിന്റെ വിശദാംശം വ്യക്തമാക്കാമോ; പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) പന്തലായനി സ്പൈസ് റൂട്ട് പ്രോജക്ടിന്റെ ആശയ സ്വരൂപണത്തിന് സഹകരിക്കുകയോ സേവനം നടത്തുകയോ ചെയ്തിട്ടുള്ള വിദഗ്ദ്ധരുടെ പേരുവിവരം, വിലാസം എന്നിവ വ്യക്തമാക്കാമോ;

(ജി) ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച സർക്കാർ/സർക്കാരിതര ഏജൻസികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(എച്ച്) ഈ പദ്ധതിയ്ക്ക് മൊത്തം എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും പദ്ധതിയ്ക്ക് തുടക്കമിട്ടത് ഏതു സർക്കാരിന്റെ കാലത്താണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>'മലബാർ ടൂറിസം ഗേറ്റ് വേ'</u>

4272 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'മലബാർ ടൂറിസം ഗേറ്റ് വേ' എന്ന പേരിൽ കോഴിക്കോട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശംങ്ങളും, പ്രവർത്തനം ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>അമ്യൂസ്മെന്റ് പാർക്കുകളിലെ സുരക്ഷ</u>

4273 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അമ്യൂസ്മെന്റ് പാർക്കുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത കേന്ദ്രങ്ങളിലെ റൈഡുകൾ അപകട സാദ്ധ്യതയുള്ളതാണെന്നതു കണക്കിലെടുത്ത് വിനോദത്തിൽ ഏർപ്പെടുന്നവരുടെ സുരക്ഷയ്ക്കായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

2013 വർഷത്തിൽ കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികൾ

4274 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരി മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ എത്ര വിദേശ വിനോദ സഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടെന്നുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) സഞ്ചാരികളുടെ എണ്ണം 2011, 2012 എന്നീ വർഷങ്ങളിലേതിനേക്കാൾ വർദ്ധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഏറ്റവുമധികം ടൂറിസ്റ്റുകൾ ഏത് രാജ്യത്തു നിന്നുള്ളവരാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ടൂറിസം വകുപ്പിന്റെ സ്ഥാപനങ്ങളിലെ നിയമനങ്ങൾ</u>

4275 ശ്രീമതി. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ടൂറിസം വകുപ്പിന് കീഴിലുള്ള ഏതെല്ലാം സ്ഥാപനങ്ങളിലാണ് പുതിയ ജീവനക്കാരെ നിയമിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ സ്ഥാപനത്തിലും എത്രവീതം ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും അവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്നും നിയമനരീതി എങ്ങനെയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>തലശ്ശേരി പൈതൃക ടൂറിസം പദ്ധതി</u>

4276 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽപ്പെട്ട ഏതെല്ലാം പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും ഇതിന്റെ ഓരോന്നിന്റെയും പുരോഗതി ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(സി) ഇതിൽ ഓരോ പ്രവൃത്തിയും എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>പെരുവണ്ണാമൂഴിയിലെ വിനോദസഞ്ചാര വികസനം</u>

4277 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴിയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവൃത്തികളുടെ പേര്, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>മാമ്പുഴ ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതി</u>

4278 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ മാമ്പുഴ ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതി സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ബാക്ക് വാട്ടർ സർക്യൂട്ട് പദ്ധതി</u>

4279 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഠിനംകുളം ബാക്ക് വാട്ടർ സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി കൊല്ലമ്പുഴയിൽ പൂർത്തിയാക്കിയ യൂണിറ്റിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി എന്തുതുകയാണ് അനുവദിച്ചിട്ടുള്ളതെന്നും, എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും, നിർമ്മാണ ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) നിലവിൽ കൊല്ലമ്പുഴയിൽ ഡി.റ്റി.പി.സി. മുഖാന്തിരം ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്നും എങ്കിൽ എത്ര പേരെയാണ് നിയമിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

ആലപ്പുഴ ബാക്ക് വാട്ടർ ടൂറിസം പദ്ധതി

4280 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ബാക്ക് വാട്ടർ ടൂറിസം പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എത്ര രൂപയാണ് ഈ പദ്ധതിയ്ക്കായി നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>കായൽപരപ്പുകളെ ബന്ധപ്പെടുത്തി വിനോദസഞ്ചാരപദ്ധതി</u>

4281 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോൾകൃഷി മേഖലകളിൽ പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാര പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(ബി) കോൾകൃഷി മേഖലയായി നിലനിൽക്കുന്ന തൃശ്ശൂർ ജില്ലയിലെ കായൽപരപ്പുകളെ ബന്ധപ്പെടുത്തി വിനോദസഞ്ചാരപദ്ധതികൾ ആലോചനയിലുണ്ടോ;ഇല്ലെങ്കിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമോ;

(സി) തൃശ്ശൂർ ജില്ലയിലെ കോൾകൃഷി മേഖലകളിൽ പക്ഷി നിരീക്ഷണത്തിന് ഉപയുക്തമാക്കുന്ന വാച്ച് ടവർ നിർമ്മിക്കുമോ; ഇതിനുവേണ്ടി ഫണ്ട് അനുവദിക്കുമോ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>കണ്ണൂർ ജില്ലയിലെ ടൂറിസം ഹാൻഡ് ബുക്ക്</u>

4282 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനുകൾ ഉൾപ്പെടുത്തിയ ഒരു കൈപുസ്തകം തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ തയ്യാറാക്കാൻ അധികൃതർക്ക് നിർദ്ദേശം നൽകുമോ;

(സി) ഇക്കോ ടൂറിസത്തിന് ഏറെ സാധ്യതയുള്ള തളിപ്പറമ്പും പരിസര പ്രദേശങ്ങളും ആകർഷകമാക്കുന്നതിന് വിദഗ്ദ്ധരുടെ സഹായത്തോടെ എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ മുൻകൈ എടുക്കുമോ;

(ഡി) ജൈവ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം തട്ടാതെ അവ പുതുതലമുറക്ക് പരിചയപ്പെടുത്താനുള്ള മാർഗ്ഗരേഖകളോടെ ഇത്തരം സ്ഥലങ്ങളിൽ ടൂറിസ്റ്റ് ഗൈഡുകളെ നിയമിക്കാൻ തയ്യാറാവുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

ഏഴാറ്റുമുഖം തുമ്പൂർമൂഴി തൂക്കുപാലത്തിന്റെ നിർമ്മാണം

4283 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ ഏഴാറ്റുമുഖം പ്രകൃതി ഗ്രാമത്തെയും ചാലക്കുടി അതിരപ്പിള്ളിയ്ക്കടുത്ത തുമ്പൂർമുഴിയെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള 4.97 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച തൂക്കുപാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ രൂപരേഖയും പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങളും വെളിപ്പെടുത്താമോ ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

ഒറ്റപ്പാലം മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ പ്രവർത്തനങ്ങൾ

4284 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1.6.2006 മുതൽ 31.3.2011 വരെ ഒറ്റപ്പാലം താലൂക്കിൽ ടൂറിസം പദ്ധതിയ്ക്കായി എത്ര തുക ചെലവഴിച്ചുവെന്നും എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്നും വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) 1.6.2006 മുതൽ 31.3.2011 വരെയുള്ള കാലയളവിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഏതെല്ലാം ടൂറിസം പദ്ധതികൾ നടപ്പിലാക്കിയെന്നുള്ള വിശദാംശം നൽകാമോ;

(സി) 1.6.2011 മുതൽ 31.3.2014 വരെയുള്ള കാലത്ത് ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ടൂറിസം വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>കടലുകാണിപ്പാറ ടൂറിസം പദ്ധതിയുടെ നിർമ്മാണം</u>

4285 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുളിമാത്ത് കടലുകാണിപ്പാറ ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഉണ്ടായ പരാതിയിൻമേലുള്ള അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

ആർക്കിയോളജി കോംപിറ്റന്റ് അതോറിറ്റി ആവശ്യപ്പെട്ട രേഖകൾ സമർപ്പിക്കാൻ നടപടി

4286 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർക്കിയോളജി കോംപീറ്റന്റ് അതോറിറ്റി കേരള 15.02.13-ന് തൃശ്ശൂർ ഡിടിപിസി ചെയർമാന് അയച്ച 1447/12/CA/AMASR നമ്പർ കത്തിൽ ആവശ്യപ്പെട്ട രേഖകൾ സമർപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; ആവശ്യപ്പെട്ട ആറ് രേഖകൾ സമർച്ചിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കോംപിറ്റന്റ് അതോറിറ്റി ആവശ്യപ്പെട്ട രേഖകൾ സമർപ്പിക്കാത്തതുകൊണ്ടാണ് ആർക്കിയോളജി അനുമതിക്ക് കാലതാമസം വരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 15.02.13 ന് കോപിറ്റന്റ് അതോറിറ്റി അയച്ച കത്തിന് മറുപടി സമർപ്പിക്കുവാൻ കഴിയാത്ത സാഹചര്യം പരിശോധിച്ച് കുറ്റക്കാരായവർക്കെതിരെ നടപടി എടുക്കുമോ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് സീ പ്ലെയിൻ പദ്ധതി</u>

4287 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് സീപ്ലെയിൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 16.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവസഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.